**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ സാമൂഹ്യഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരുടെ സാമൂഹ്യഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും വെളിപ്പെടുത്താമോ; | (എ) | ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായുള്ള ഫണ്ടിന്റെ വിവരങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാണ്. ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ലഭ്യമാണ്. കേരള സംസ്ഥാനത്ത് ചലന വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കും അവർക്കു വേണ്ട ഉപകരണങ്ങൾ, കൃത്രിമ അവയവങ്ങൾ എന്നിവ നൽകുന്നതിന് 24 PMR യൂണിറ്റുകൾ 9 ലിംബ് ഫിറ്റിംങ് സെന്ററുകൾ എന്നിവ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. PMR യൂണിറ്റുകൾ മുഖാന്തിരം ശാരീരിക വൈകല്യത്തിന് കാരണമാകുന്ന അവസ്ഥകൾ (പരിശോധിക്കുന്നതിനോടൊപ്പം ഐ.പി, .ഒ.പി കെയർ എക്സർസൈസ് തെറാപ്പി , ബോട്ടിലിസം |

| | | | |
|---|---|---|---|
| | | | ,ടോക്സിൻ ഇൻജെക്ഷൻ ഫോർ സ്പാസ്റ്റിസിറ്റി , ട്രാൻസ്ക്യൂട്ടേനിസ് , ഇലക്ട്രിക്കൽ നെർവ് സ്റ്റിമുലേഷൻ തുടങ്ങിയ ചികിത്സകളും ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ലിംബ് ഫിറ്റിങ് യൂണിറ്റുകളിലൂടെ ചലന വൈകല്യം ഉള്ളവർക്കായി ആർട്ടിഫിഷ്യൽ ലിംബ് , കാലിപ്പേഴ്സ് ക്രെച്ചസ് , ബ്രെസസ് , എം.സി.ആർ ചാപ്പൽ, സ്പ്ലൈന്റ് പോളി പ്രൊപ്പലീൻ ഷീറ്റുകൾ കൃത്രിമ കാലുകൾക്കായുള്ള എന്റോസ്കേൽട്ടൻ ജോയിന്റുകൾ, സ്പൈനൽ ജാക്കറ്റുകൾ സർവിക്കൽ കോളറുകൾ എന്നിവ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ നടത്തിപ്പിന് നിലവിൽ ഫണ്ടിന്റെ അഭാവം നേരിടുന്നില്ല . |
| (ബി) | ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിന് ഫണ്ടിന്റെ അഭാവം നേരിടുന്നുണ്ട്; വിശദമാക്കുമോ; വിതരണം ചെയ്യാൻ കുടിശ്ശികയുള്ളവ ഏതൊക്കെ; | (ബി) | ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായുള്ള ഫണ്ടിന്റെ വിവരങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാണ്. ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ലഭ്യമാണ്. കേരള സംസ്ഥാനത്ത് ചലന വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കും അവർക്കു വേണ്ട ഉപകരണങ്ങൾ, കൃത്രിമ അവയവങ്ങൾ എന്നിവ നൽകുന്നതിന് 24 PMR യൂണിറ്റുകൾ 9 ലിംബ് ഫിറ്റിംങ് സെന്ററുകൾ എന്നിവ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. PMR യൂണിറ്റുകൾ മുഖാന്തിരം ശാരീരിക വൈകല്യത്തിന് കാരണമാകുന്ന അവസ്ഥകൾ (പരിശോധിക്കുന്നതിനോടൊപ്പം ഐ.പി, .ഒ.പി കെയർ എക്സർസൈസ് തെറാപ്പി , ബോട്ടിലിസം ,ടോക്സിൻ ഇൻജെക്ഷൻ ഫോർ സ്പാസ്റ്റിസിറ്റി , |

| | | | |
|---|---|---|---|
| | | | ട്രാൻസ്ക്യൂട്ടേനിസ് , ഇലക്ട്രിക്കൽ നെർവ് സ്റ്റിമുലേഷൻ തുടങ്ങിയ ചികിത്സകളും ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ലിംബ് ഫിറ്റിങ് യൂണിറ്റുകളിലൂടെ ചലന വൈകല്യം ഉള്ളവർക്കായി ആർട്ടിഫിഷ്യൽ ലിംബ് , കാലിപ്പേഴ്സ് ക്രെച്ചസ് , ബ്രെസസ് , എം.സി.ആർ ചാപ്പൽ, സ്പ്ലൈന്റ് പോളി പ്രൊപ്പലീൻ ഷീറ്റുകൾ കൃത്രിമ കാലുകൾക്കായുള്ള എന്റോസ്കേൽട്ടൻ ജോയിന്റുകൾ, സ്പൈനൽ ജാക്കറ്റുകൾ സർവിക്കൽ കോളറുകൾ എന്നിവ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ നടത്തിപ്പിന് നിലവിൽ ഫണ്ടിന്റെ അഭാവം നേരിടുന്നില്ല . |
| (സി) | ഭിന്നശേഷിക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിലേക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി-നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരുടെ ചികിത്സകൾക്കായി സർക്കാർ നൽകി വരുന്ന സൗജന്യങ്ങൾ എന്തൊക്കെ? | (സി) | കേന്ദ്രസർക്കാരിന്റെ നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ കീഴിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൽസി, മാനസിക വൈകല്യം, മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നീ വിഭാഗത്തിൽ പ്പെട്ട ഭിന്നശേഷിക്കാർക്കായി മാത്രം നാഷണൽ ട്രസ്റ്റ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് "നിരാമയ ഇൻഷ്വറൻസ് പദ്ധതി" . പ്രതിവർഷം ഒരു ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യങ്ങൾ ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു. കൂടാതെ സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലഭ്യമാകുന്ന എല്ലാ ചികിത്സാനുകൂല്യങ്ങളും ഭിന്നശേഷിക്കാർക്ക് ലഭ്യമാണ് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ നടത്തിവരുന്ന വിവിധ പദ്ധതികളുടെവിശദാംശങ്ങൾ  പദ്ധതി നടത്തിപ്പിന്റെ പുരോഗതി ഫണ്ടിന്റെ അഭാവം നേരിടുന്ന പദ്ധതികൾ വിതരണം ചെയ്യാൻ കുടിശ്ശികയുള്ളത്

| നം. | വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ | പദ്ധതി നടത്തിപ്പിന്റെ പുരോഗതി | ഫണ്ടിന്റെ അഭാവം നേരിടുന്ന പദ്ധതികൾ | വിതരണം ചെയ്യാൻ കുടിശ്ശികയുള്ളത് |
|---|---|---|---|---|
| 1 | **വിദ്യാകിരണം പദ്ധതി** | 2020-21 സാമ്പത്തിക വർഷം 28700000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 14233000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | 2019-20 വർഷത്തിൽ covid-19 സാഹചര്യത്തിൽ ലോക് ഡൌൺ പ്രഖ്യാപിച്ചതിനാൽ ജില്ലകൾക്ക് നൽകാൻ കഴിയാതിരുന്ന 9099500/- |
| 2 | **വിദ്യാജ്യോതി പദ്ധതി** . | 2020-21 സാമ്പത്തിക വർഷം 4200000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും2258700/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 3 | **ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി** | 2020-21 സാമ്പത്തിക വർഷം5760000/-രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും1648200/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | | | |
| 4 | **മാതൃജ്യോതി പദ്ധതി** | 2020-21 സാമ്പത്തിക വർഷം 1200000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 450979/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 5 | **സ്വാശ്രയ പദ്ധതി** _ | 2020-21 സാമ്പത്തിക വർഷം9100000/-രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും3808000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 6 | **പരിരക്ഷാ പദ്ധതി** | 2020-21 സാമ്പത്തിക വർഷം 5600000 /- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും802200/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 7 | **വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം** | 2019-20 വർഷത്തിലെ 4909072/- രൂപ സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് അനുവദിക്കുന്നതാണ്. | ഫണ്ടിന്റെ അഭാവം നേരിടുന്നു | ഇല്ല |
| 8 | **പരിണയം** | 2020-21 സാമ്പത്തിക വർഷം 14400000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 10600000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം നേരിടുന്നു | ഇല്ല |
| 9 | **ഭിന്നശേഷിക്കാർക്ക് സഹായഉപകരണങ്ങൾ നല്കുന്ന പദ്ധതി** | 2020-21 സാമ്പത്തിക വർഷം 10000000/-രൂപ അനുവദിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 10 | **വിദൂരവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള** | 2020-21 സാമ്പത്തിക വർഷം100000/- രൂപ | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | **ധനസഹായം** | അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 58900/-രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | | |
| 11 | **പ്രതീക്ഷാ പദ്ധതി** | EOI ക്ഷണിച്ചതിൻ പ്രകാരം 4 NGO സ്ഥാപനങ്ങൾ പ്രൊപ്പോസൽ സമർപ്പിക്കുകയും, ടെക്ക് നിക്കൽ കമ്മിറ്റി യോഗം ചേർന്ന് 3 സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പു വച്ച് താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല | ഇല്ല |
| 12 | **പുനർജനി പദ്ധതി** | ബന്ധപ്പെട്ട വകുപ്പുകളുമായി ധാരണാ പത്രം ഒപ്പു വച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 13 | **വയനാട്ടിലെ ആദിവാസി വിഭാഗത്തിലുള്ള വർക്ക് മാനസ്സികാരോഗ്യ പരിപാലനം ഏർപ്പെടുത്തുന്ന പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2017- 2018 ൽ 25,50,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 20,40,000/- രൂപ അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വർഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വർഷത്തേയ്ക്കുള്ള പദ്ധതി നടത്തിപ്പിന് അനുമതി ലഭിയ്ക്കുന്നതുവരെ പദ്ധതി നിർത്തിവെയ്ക്കുന്നത് ആദിവാസി മേഖലയിൽ നിലവിൽ ചികിത്സ തുടരുന്ന ഗുണഭോക്താക്കളുടെ ചികിത്സ മുടങ്ങുന്നതിനിടാക്കുമെന്നതിനാൽ പദ്ധതിയുടെ കാലാവധി 07/03/2019 മുതൽ 06/06/2019 വരെ മൂന്നു മാസത്തേയ്ക്കുകൂടി പദ്ധതി | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | കാലാവധി ദീർഘിപ്പിച്ചു നൽകി. അവശേഷിയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ടി പദ്ധതി 06/06/2019 വരെ തുടരുന്നതിന് തുടർ അനുമതി നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ അടുത്തഘട്ടം പുതിയ പ്രൊപ്പോസൽ പ്രകാരം നടത്തുന്നതിനാൽ പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് തുക അനുവദിയ്ക്കുന്നതുവരെ പദ്ധതി പ്രകാരമുള്ള ചികിത്സ മുടങ്ങാതിരിക്കുന്നതിനായി ബാങ്ക് ഇന്ററസ്റ്റ് ചെലവഴിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. കൂടാതെ പദ്ധതി നടത്തിപ്പിനായി നൽകിയ ആദ്യ ഗഡു തുകയായ 20,40,000/- രൂപയിൽ അവശേഷിച്ച തുകയായ 99,167/- രൂപ വകുപ്പിന്റെ ROP ശീർഷകത്തിൽ തിരിച്ചടയ്ക്കുകയും ചെയ്തു. 2019-20 വർഷത്തിൽ 25,96,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിന്റെ 80% തുകയായ 20,76,800/- രൂപ ആദ്യ ഗഡുവായി അനുവദിയ്ക്കുകയും ചെയ്തു. ടി പദ്ധതിയുടെ കാലാവധി 05/06/2020 ൽ ്വസാനിച്ചു. തുടർ വർഷത്തേയ്ക്കുള്ള പദ്ദതി നടത്തിപ്പ് നിർത്തിവെയ്ക്കുന്നത് ആദിവാസി മേഖലയിൽ നിലവിൽ രോഗം ഭേതമായിട്ടുള്ളവരും രോഗം നിയന്ത്രണാതീതമായിട്ടുള്ളവരുമായ ഗുണഭോക്താക്കളുടെ ചികിത്സ മുടങ്ങാനിടയാക്കുമെന്നതിനാലും നിലവിലുള്ള ഗുണഭോക്താക്കളുടെ സാമൂഹ്യപുനരധിവാസത്തേയും മാനസ്സികാരോഗ്യത്തേയും പ്രതികൂലമായി ബാധിക്കാനിടയാക്കുമെന്നതിനാലും | | |

| | | | | |
|---|---|---|---|---|
| | | പദ്ധതിയുടെ കാലാവധി 06/06/2020 മുതൽ 05/09/2020 വരെ മൂന്നു മാസത്തേയ്ക്കു ദീർഘിപ്പിച്ചു നൽകി. 2020- 201 വർ,ത്തെ പദ്ധതിയ്ക്ക് 24,96,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി വർഷത്തെ MoU വെയ്ക്കുന്നതിനുള്ളനടപടി സ്വീകരിച്ചു വരുന്നു. | | |
| 14 | **ദീർഘ കാലമായി മാനസ്സിക രോഗം ബാധിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്കു തിരികെ കൊണ്ട് വരുന്നതിന് കോഴിക്കോട് ജില്ലയിൽ ആരംഭിച്ച ഡേ കെയർ പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്. 2017-18 ൽ 31,00,000/- രൂപയുടെ ബരണാനുമതി ലഭിയ്ക്കുകയും ടി പദ്ധതിയ്ക്കായി 30,99,822/- രൂപ അനുവദിയ്ക്കുകയും ഇതിൽ നിന്നും 29,08,622/- രൂപ ചെലവഴിയ്ക്കുകയും അവശേഷിച്ച 1,91,200/- രൂപ വകുപ്പിന്റെ ROP ശീർഷകത്തിൽ തിരിച്ചടച്ചിട്ടുണ്ട്.പദ്ധതിയുടെ കാലാവധി 31/07/2019 വരെ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകി. 2019-20 വർഷത്തേയ്ക്ക് 40,73,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആയിന്റെ 70% തുകയായ 28,51,100/- രൂപ ആദ്യ ഗഡുവായി അനുവദിച്ചിരുന്നു. ആയതിൽ നിന്നും 18,91,840/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 9,59,261/- രൂപ അവശേഷിച്ചിരുന്നു. ലോക്ഡൗൺമൂലം ഡേ കെയറിൽ ഗുണഭോക്താക്കൾക്ക് വരാൻ സാധിക്കാത്തതിനാലും ആദ്യ ഗഡു തുക ലഭിച്ചതിലെ കാലതാമസംകൊണ്ടും തുക പൂർണ്ണമായും വിനിയോദിക്കുവാൻ തടസ്സമായി. ടി പദ്ധതിയുടെ തുടർച്ച ആവസ്യമായതിനാൽ പദ്ധതിയുടെ കാലാവധി | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | 01/08/2020 മുതൽ 31/03/2021 വരെ 8 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. | | |
| 15 | **അതിജീവനം സമഗ്ര പദ്ധതി** | 2018-19 വർഷത്തിൽ ടി പദ്ധതിയ്ക്കായി 1,222,37,282/- രൂപയും 2019-2020 ൽ 1,53,44,338/- രൂപയും 13 എൻ.ജി.ഒ സ്ഥാപനങ്ങൽക്കായി അനുവദിച്ചിട്ടുണ്ട്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 16 | **മാനസ്സികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മാനസ്സിക രോഗം ഭേതമായി കഴിയുന്ന അന്യസംസ്ഥാനക്കാരെ സ്വദേശങ്ങളിൽ എത്തിയ്ക്കുന്ന പ്രത്യാശ പദ്ധതി** | 2019 വർഷത്തിൽ ടി പദ്ധതിയ്ക്കായി 29,29,500/- രൂപ യുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിലേയ്ക്ക് എറണാകുളം ജില്ലയിലെ മാർവല്ല ദയഹ്റ എന്ന സൈക്കോസോഷ്യൽ സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി 21,97,125/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 31/03/2012 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2020-21 വർ,ത്തേയ്കേക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിനായി EOI ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 17 | **വിജയാമൃതം പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2019- 2020 ല് 20,00,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 19,60,000/- രൂപ ജില്ലാ സാ.നീ. ഓഫീസർമാർക്ക് അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വർഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വർഷത്തേയ്ക്കുള്ള(2020-21) പദ്ധതി നടത്തിപ്പിന് 20,00,000/- രൂപയുടെ | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | അനുമതി ലഭിച്ചിട്ടുണ്ട് .<br>ഭിന്നശേഷി വിഭാഗത്തിൽ ബിരുദം/പ്രൊഫഷണൽ ബിരുദം / പിജി എന്നിവയിൽ ഉന്നതവിജയം നേടുന്നവർക്കാണ് ധനസഹായം നൽ<br>കുന്നത്. | | |
| 18 | **സഹചാരി പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2019- 2020 ല് 6,00,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 5,60,000/- രൂപ ജില്ലാ സാ.നീ. ഓഫീസർമാർക്ക് അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വര്<br>ഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വര്<br>ഷത്തേയ്ക്കുള്ള(2020-21) പദ്ധതി നടത്തിപ്പിന് 6,00,000/- രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട് .<br>ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരെ വിദ്യാലയത്തിലും പുറത്തും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റുകള്<br>ക്കാണ് 10,000/- രൂപാ വീതം ധനസഹായം നല്<br>കുന്നത്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

# അനുബന്ധം 2

## 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർ വെൻഷൻ, തെറാപ്പി പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. ഡോക്ടർ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കിയി ട്ടുണ്ട് .

## 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ **'ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ'** സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയായി ട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടു്. 2021 ഫെബ്രുവരി മാസത്തിൽ ഈ അഞ്ച് കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിക്കുന്നതാണ്.

## 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. എൻ. എച്ച്. എം ന്റെ സഹകരണത്തോടെയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

## 4. കാതോരം

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി **കാതോരം** എന്ന ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന

നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടു്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടു്. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി NIPMR, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചി ട്ടുണ്ട്.

### 5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

### 6. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ യഥാക്രമം ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

### 7. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കത്തെി അനുയോജ്യമായ പരിചരണങ്ങൾ നൽകി പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.

### 8. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാതലത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് MCRC കൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായ

ത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**9. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities- UDID) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകിവരുന്നു. ഇതുവരെ 1,37,085 ഭിന്നശേഷിക്കാർക്ക് UDID കാർഡുകൾ നൽകിയിട്ടുണ്ട്.

**10. ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി വെള്ളായണി കാർഷിക സർവ്വകലാശാല വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലനചികിത്സാ രീതിയിലൂടെ ശാക്തീകരിക്കുകയും അവരെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**11. സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് **സ്പെക്ട്രം (SPECTRUM).** ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർ ത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

**സ്പെക്ട്രം (SPECTRUM)** പദ്ധതിയുടെ ആദ്യഘട്ടമായി താഴെപറയുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുണ്ട്.

**a. ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു.

**b. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

**c. രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം മലപ്പുറംജില്ലയിൽ നടപ്പിലാക്കിയി ട്ടുണ്ട്.

**12. ശ്രുതി തരംഗം പദ്ധതി**

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം ഉള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് സർജറി **ശ്രുതി തരംഗം** എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നത്.

**13**. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം, തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ, വെള്ളപ്പൊക്ക ദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി, ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടു്. ഈ പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചി ട്ടുണ്ട്.

**14. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ ഇരിങ്ങലക്കുട, തൃശ്ശൂർ (NIPMR)**

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ NIPMR ലൂടെ വിവിധതരം ഭിന്നശേഷികൾ കത്തെുന്നതിനും, ആവശ്യമായ തെറാപ്പികളും, പരിശീലനങ്ങളും ലഭ്യമാക്കുകയും ചെയ്ത് വരുന്നു. ആധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ ഓട്ടിസം, സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, ബുദ്ധിപരമായ വൈകല്യങ്ങൾ, ചലനവൈകല്യം തുടങ്ങിയ വിഭാഗങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.

# അനുബന്ധം 3

**1.എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി** :- ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ കേരള സംസ്ഥാന വികലാംഗക്ഷേ കോർപ്പറേഷനിലൂടെ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഭിന്നശേഷിക്കാർക്ക് നാമമാത്രമായ പലിശ നിരക്കിൽ സ്വയംതൊഴിൽ/ വിദ്യാഭ്യാസ/സഹായ ഉപകരണ/വാഹന വായ്പകൾ അനുവദിച്ചുവരുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 917 പേർക്ക് സ്വയംതൊഴിൽ/ വിദ്യാഭ്യാസ/വാഹന വായ്പ ഇനത്തിൽ 3477.99 ലക്ഷം രൂപ അനുവദിക്കുകയുായി. 2000 മുതൽ 2016 വരെ ആകെ അനുവദിച്ച തുക ഏകദേശം 25 കോടിയായിരുന്നു. NHFDC വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് തിരിച്ചടവ് കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കിയ 46 ഗുണഭോക്താക്കൾക്ക് വായ്പാ സബ്സിഡി അനുവദിച്ചു. 214 പേരുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പ തീർപ്പാക്കി. മരണപ്പെട്ട 50 ഗുണഭോക്താക്കളുടെ വായ്പ പൂർണ്ണമായി എഴുതി തള്ളുകയും ചെയ്തു. ഇതിനാവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിച്ചു.

**2.ഹസ്തദാനം പദ്ധതി :-** 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിഷിത്വമുള്ള 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് 20,000/- രൂപ വീതം സ്ഥിര നിക്ഷേപം നടത്തുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം തീവ്രവും, അതിതീവ്രവും ഭിന്നശേഷിക്കാരായ 12 വയസിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ വീതം 1233 പേർക്ക് സ്ഥിര നിക്ഷേപം ചെയ്തു. ഈ ഇനത്തിൽ 275.70 ലക്ഷം രൂപ ചെലവഴിച്ചിട്ടു്. 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പലിശയടക്കം ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാം.

**3.കാഴ്ച പദ്ധതി :-** കാഴ്ച പരിമിതിയുള്ള 1000 പേർക്ക് സ്മാർട്ട് ഫോൺ നല്കി അവരെ കാഴ്ചയുള്ളവർക്കൊപ്പം ശാക്തീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് കാഴ്ച. ഇതൊരു മാതൃകാപരമായ പദ്ധതിയാണ്. സ്മാർട്ട്ഫോൺ വിതരണം ചെയ്യുക മാത്രമല്ല കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹായത്തോടെ അവർക്ക് ര് ദിവസത്തെ ട്രെയിനിംഗും നല്കി വരുന്നു. ഇതിനകം 14 ജില്ലകളിൽ ഫോൺ വിതരണവും, 10 ജില്ലകളിൽ ട്രെയിനിംഗും പൂർത്തിയാക്കി. ഇതിലേക്കായി 1.5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടു്.

**4.ശുഭയാത്ര :-** ചലന പരിമിതി നേരിടുന്നവർക്ക് സൈഡ്വീൽ ഘടിപ്പിച്ച സ്കൂട്ടറുകളും ഇലക്ട്രോണിക് വീൽ ചെയറും നൽകുന്ന പദ്ധതി. ആയിരത്തോളം പേർക്ക് ഇതിനകം സൈഡ് വീൽ സ്കൂട്ടർ വിതരണം ചെയ്തു.

ഇലക്ട്രോണിക് വീൽചെയർ പദ്ധതിയുടെ വിതരണത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കോവിഡ് -19 വ്യാപനം കുറയുന്ന മുറയ്ക്ക് വിതരണം പൂർത്തിയാകും. ഇതിലേക്കായി 2300 ഓളം അപേക്ഷകൾ ലഭിച്ചിട്ടു്.

**5.ബാങ്ക്ലോൺ സബ്സിഡി :-** ബാങ്കുകളിൽ നിന്ന് കോർപ്പറേഷന്റെ ശുപാർശ അനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി സബ്സിഡി നൽകി വരുന്നു. ഈ ഇനത്തിൽ 136.37 ലക്ഷം രൂപ വിതരണം ചെയ്യുകയുായി.

**6.സഹായ ഉപകരണങ്ങൾ :-** ഭിന്നശേഷിക്കാർക്കുള്ള സഹായസാമഗ്രികളായ, ഹൈടെക് ലിംബ്, വീൽചെയർ, വോയിസ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ സംവിധാനമുള്ള ലാപ്പ്ടോപ്പ്, ശ്രവണ സഹായികൾ തുടങ്ങി വിവിധ തരത്തിലുള്ള സഹായ ഉപകരണങ്ങൾ സൗജന്യമായി 10211 പേർക്ക് വിതരണം ചെയ്തു. 376.31 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

**7.സ്വന്തമായി സ്കൂട്ടർ വാങ്ങിയ സൈഡ്വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി:-** സ്വന്തമായി സ്കൂട്ടർ വാങ്ങിയ 37 പേർക്ക് സൈഡ്വീൽ ഘടിപ്പിക്കുന്നതിന് 10,000/- രൂപ വീതവും, 25 പേർക്ക് 15,000/- രൂപ വീതവും സബ്സിഡിയായി വിതരണം ചെയ്തു. ഈ

ഇനത്തിൽ 7.45 ലക്ഷം രൂപ അനുവദിച്ചു.

**<u>8.ഭിന്നശേഷിക്കാരുടെ മൈക്രോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയം സഹായ സംഘങ്ങൾക്ക് 20000/- രൂപ ധനസഹായം:-</u>** ഭിന്നശേഷിക്കാരാൽ നടത്തപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി 2016 ൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 50 സ്വയം സഹായ സംഘങ്ങൾക്ക് 5000/- രൂപവീതം ധന സഹായം നൽകി. 2018-19 ൽ 10,000/- രൂപയായി ധനസഹായം വർദ്ധിപ്പിക്കുകയും, 6 സംഘങ്ങൾക്ക് ധന സഹായം നല്കുകയും ചെയ്തു. 2019-20, 2020-21 ൽ 20,000/- രൂപ യായി ധനസഹായം വർദ്ധിപ്പിക്കുകയും, 22 സംഘങ്ങൾക്ക് ധനസഹായം നല്കുകയും ചെയ്തു.

**<u>9.ലോട്ടറി തൊഴിലാളികൾക്ക് 5000/- രൂപ ധനസഹായം നൽകുന്ന പദ്ധതി:-</u>** ഈ പ ദ്ധതി 2015-16 മുതൽ മുടങ്ങികിടക്കുകയായിരുന്നു. 2018-19 കാലയളവിൽ പുനരാരംഭിച്ചു. 2018-19 ൽ അപേക്ഷ ലഭിച്ച അർഹരായ 319 പേർ പേർക്ക് 5000/- രൂപ വീതം 15.95 ലക്ഷം രൂപ നല്കി. 2019-20 അർഹരായ 259 പേർക്കും ഒന്നാംഗഡു നല്കി 2020-21 ൽ 174 പേർക്ക് രാം ഗഡുവും, 23 പേർക്ക് ഒന്നാംഗഡുവും അനുവദിച്ചു.

**<u>10വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്:-</u>** എസ്.എസ്.എൽ.സിയും, പ്ലസ് ടുവിൽ 'ബി' ഗ്രേഡോ അതിനു മുകളിലോ മാർക്ക് വിജയം നേടിയ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് നൽകി വരുന്നു ഇതനു സരിച്ച് 2500 രൂപ വീതം പ്രൊഫിഷ്യൻസി അവാർഡ് 178 പേർക്ക് 4.45 ലക്ഷം രൂപ നല്കി യിരുന്നു. എന്നാൽ ഇത് (2018-19) മുതൽ 5000 രൂപയായി വർദ്ധിപ്പിച്ചു. മാത്രമല്ല ബുദ്ധിപര മായ വെല്ലുവിളി നേരിടുന്നവർക്ക് ഗ്രേഡ് നിബന്ധന ഒഴിവാക്കി പരിഗണിച്ചു. 600 പേർക്ക് കഴിഞ്ഞ ര് വർഷങ്ങളിലായി പ്രൊഫിഷ്യൻസി അവാർഡ് നൽകി. ഈ വർഷം 299 പേർക്ക് ഇതിനകം പ്രൊഫിഷ്യൻസി അവാർഡ് അനുവദിച്ചു.

**<u>11.സാഫല്യം Aged Home :-</u>** പാറശാലയിൽ പ്രവർത്തിക്കുന്ന 40 പേരെ ഉൾക്കൊള്ളാനാകുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേിയുള്ള സാഫല്യം വൃദ്ധസദന പ രിപാലനത്തിന് 44.00 ലക്ഷം രൂപ നൽകിയിട്ട്.

## <u>പൂർത്തിയായി വരുന്ന പുതിയ പദ്ധതികൾ</u>

**1.കൈവല്യ പദ്ധതി**

കേരള സംസ്ഥാന വികലാംഗക്ഷമ കോർപ്പറേഷനും തൊഴിൽ വകുപ്പുമായി ചേർന്ന് 7449 ഭിന്നശേഷിക്കാർക്ക് 50000/- രൂപ വീതം 37.25 കോടി രുപ സ്വയം തൊഴിൽ വായ്പ നൽകുന്നു. ഇതിൽ 25000/- രൂപ വീതം സബ്സിഡിയും ബാക്കി 25000/- രൂപ പലിശ രഹിത വായ്പയുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് തിരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടാണ് ധനസഹായം നൽകുന്നത്. ഇത് വഴി 7500 കുടുംബങ്ങൾക്ക് ഈ കോവിഡ് കാലത്ത് ജീവിത മാർഗ്ഗം ഉാകുകയാണ്. ഇതിനാവശ്യമായ സർക്കാർ ഗ്യാരന്റി സാമുഹ്യ നീതി വകുപ്പാണ് ലഭ്യമാക്കുന്നത്. ഇതേ വരെ 2691 പേർക്ക് 13.455 കോടി രൂപ വിതരണം ചെയ്തു.

**2.സഹായ ഉപകരണങ്ങളുടെ ഷോറും സജ്ജീകരണം**

ഭിന്നശേഷിക്കാരുടെ സഹായ ഉപകരണങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനും അളവെടുക്കുന്നതിനും മറ്റുമായി വിപുലമായ സഹായ ഉപ കരണ ഷോറും തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് പ്രവർത്തനങ്ങൾ തുടങ്ങി. 235.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ട്. ഷോറൂമിന്റെ ഡിസൈൻ അംഗീകരിച്ചതിൻ പ്രകാരം Kerala Electrical & Allied Engineering Co. Ltd. നെ Project Management Consultant ആയി നിയമിച്ചിട്ട്.

**3.സഹായ ഉപകരണ നിർമ്മാണ യൂണിറ്റിന്റെ ആധുനീകവത്ക്കരണം**

2000 ൽ ആരംഭിച്ച MRST (Manufacturing, Repairing, Servicing & Training Centre) സെന്ററിന്റെ ആധുനീകവത്കരണത്തിന് 200 ലക്ഷ രൂപയുടെ ഭരണാനുമതി നൽകിയിട്ടു്. MRST യൂണിറ്റ് നവീകരണത്തിന് PMC യായി Kerala Electrical & Allied Engineering Co. Ltd. നെ ചുമതലപ്പെടുത്തി പ്രവർത്തനം പൂർത്തികരണ ഘട്ടത്തിലാണ്.

4. **<u>ഇ-സ്റ്റോർ-</u>** ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് കമ്പോളം ഉറപ്പുവരുത്തുന്നതിനും അവരുടെ സഹായ ഉപകരണങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനായി ഷോറുമിനോടൊപ്പം ഇ.സ്റ്റോറും ആരംഭിക്കുന്നു. ഇതിന്റെ പ്രവർത്തനം നടന്നു വരുന്നു.

5. **<u>ഇ-ഓഫീസ്/ഓൺലൈൻ അപേക്ഷ</u> –** ഭിന്നശേഷിക്കാർക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളും സ്വയം തൊഴിൽ വായ്പാ നടപടികളും ഓൺലൈനായി പൂർത്തിയാക്കാവുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭരണാനുമതി ലഭിച്ചുകഴിഞ്ഞു.

6. **<u>MRSTC കണ്ണൂർ -</u>** വടക്കൻ ജില്ലകളിലെ ഭിന്നശേഷിക്കാർക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കണ്ണൂർ ജില്ലയിൽ ഒരു ഉപകരണ നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി ആയിട്ടു്. കണ്ണൂർ ജില്ലാ പഞ്ചായത്ത് ഇതിനായി സ്ഥലം അനുവദിച്ചിട്ടു്.

**<u>ദേശീയ അവാർഡ് :</u> 2018 ൽ കേന്ദ്ര സാമൂഹ്യനീതി വകുപ്പിന്റെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി അവാർഡ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് ലഭിച്ചിട്ടു്. 1979 ൽ കോർപ്പറേഷൻ രൂപീകരിച്ചതിനു ശേഷം ആദ്യമായാണ് ഇങ്ങനെ ഒരു അവാർഡ് ലഭിക്കുന്നത്. കൂടാതെ 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതിയുടെ ഹയർ ടേൺ ഓവറിനുള്ള ഇൻസന്റീവും കോർപ്പറേഷന് ലഭിക്കുകയുായി.**

**അനുബന്ധം - 1**

**ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ നടത്തിവരുന്ന വിവിധ പദ്ധതികളുടെവിശദാംശങ്ങൾ  പദ്ധതി നടത്തിപ്പിന്റെ പുരോഗതി ഫണ്ടിന്റെ അഭാവം നേരിടുന്ന പദ്ധതികൾ വിതരണം ചെയ്യാൻ കുടിശ്ശികയുള്ളത്**

| നം. | വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ | പദ്ധതി നടത്തിപ്പിന്റെ പുരോഗതി | ഫണ്ടിന്റെ അഭാവം നേരിടുന്ന പദ്ധതികൾ | വിതരണം ചെയ്യാൻ കുടിശ്ശികയുള്ളത് |
|---|---|---|---|---|
| 1 | **വിദ്യാകിരണം പദ്ധതി** | 2020-21 സാമ്പത്തിക വർഷം 28700000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 14233000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | 2019-20 വർഷത്തിൽ covid-19 സാഹചര്യത്തിൽ ലോക് ഡൌൺ പ്രഖ്യാപിച്ചതിനാൽ ജില്ലകൾക്ക് നൽകാൻ കഴിയാതിരുന്ന 9099500/- |
| 2 | **വിദ്യാജ്യോതി പദ്ധതി** . | 2020-21 സാമ്പത്തിക വർഷം 4200000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും2258700/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 3 | **ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി** | 2020-21 സാമ്പത്തിക വർഷം5760000/-രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും1648200/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | | | |
| 4 | **മാതൃജ്യോതി പദ്ധതി** | 2020-21 സാമ്പത്തിക വർഷം 1200000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 450979/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 5 | **സ്വാശ്രയ പദ്ധതി** _ | 2020-21 സാമ്പത്തിക വർഷം9100000/-രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും3808000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 6 | **പരിരക്ഷാ പദ്ധതി** | 2020-21 സാമ്പത്തിക വർഷം 5600000 /- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും802200/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 7 | **വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം** | 2019-20 വർഷത്തിലെ 4909072/- രൂപ സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് അനുവദിക്കുന്നതാണ്. | ഫണ്ടിന്റെ അഭാവം നേരിടുന്നു | ഇല്ല |
| 8 | **പരിണയം** | 2020-21 സാമ്പത്തിക വർഷം 14400000/- രൂപ അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 10600000/- രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | ഫണ്ടിന്റെ അഭാവം നേരിടുന്നു | ഇല്ല |
| 9 | **ഭിന്നശേഷിക്കാർക്ക് സഹായഉപകരണങ്ങൾ നല്കുന്ന പദ്ധതി** | 2020-21 സാമ്പത്തിക വർഷം 10000000/-രൂപ അനുവദിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 10 | **വിദൂരവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള** | 2020-21 സാമ്പത്തിക വർഷം100000/- രൂപ | ഫണ്ടിന്റെ അഭാവം ഇല്ല. | ഇ ല്ല |

| | | | | |
|---|---|---|---|---|
| | **ധനസഹായം** | അനുവദിച്ചിട്ടുണ്ട് .ആയതിൽ നിന്നും 58900/-രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് | | |
| 11 | **പ്രതീക്ഷാ പദ്ധതി** | EOI ക്ഷണിച്ചതിൻ പ്രകാരം 4 NGO സ്ഥാപനങ്ങൾ പ്രൊപ്പോസൽ സമർപ്പിക്കുകയും, ടെക്ക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് 3 സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ വച്ച് താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുകയും ചെയ്യുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല | ഇല്ല |
| 12 | **പുനർജനി പദ്ധതി** | ബന്ധപ്പെട്ട വകുപ്പുകളുമായി ധാരണാ പത്രം ഒപ്പ വച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 13 | **വയനാട്ടിലെ ആദിവാസി വിഭാഗത്തിലുള്ള വർക്ക് മാനസ്സികാരോഗ്യ പരിപാലനം ഏർപ്പെടുത്തുന്ന പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2017- 2018 ൽ 25,50,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 20,40,000/- രൂപ അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വർഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വർഷത്തേയ്ക്കുള്ള പദ്ധതി നടത്തിപ്പിന് അനുമതി ലഭിയ്ക്കുന്നതുവരെ പദ്ധതി നിർത്തിവെയ്ക്കുന്നത് ആദിവാസി മേഖലയിൽ നിലവിൽ ചികിത്സ തുടരുന്ന ഗുണഭോക്താക്കളുടെ ചികിത്സ മുടങ്ങുന്നതിനിടാക്കുമെന്നതിനാൽ പദ്ധതിയുടെ കാലാവധി 07/03/2019 മുതൽ 06/06/2019 വരെ മൂന്നു മാസത്തേയ്ക്കുകൂടി പദ്ധതി | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | കാലാവധി ദീർഘിപ്പിച്ചു നൽകി.<br>അവശേഷിക്കുകയും ചെയ്ത<br>സാഹചര്യത്തിൽ ടി പദ്ധതി<br>06/06/2019 വരെ തുടരുന്നതിന്<br>തുടർ അനുമതി നൽകുകയും ചെയ്തു.<br>ഈ പദ്ധതിയുടെ അടുത്തഘട്ടം<br>പുതിയ പ്രൊപ്പോസൽ പ്രകാരം<br>നടത്തുന്നതിനാൽ പുതിയ<br>പ്രൊപ്പോസൽ അംഗീകരിച്ച് തുക<br>അനുവദിക്കുന്നതുവരെ പദ്ധതി<br>പ്രകാരമുള്ള ചികിത്സ<br>മുടങ്ങാതിരിക്കുന്നതിനായി ബാങ്ക്<br>ഇന്ററസ്റ്റ് ചെലവഴിക്കുന്നതിന്<br>അനുമതി നൽകുകയും ചെയ്തു.<br>കൂടാതെ പദ്ധതി നടത്തിപ്പിനായി<br>നൽകിയ ആദ്യ ഗഡു തുകയായ<br>20,40,000/- രൂപയിൽ<br>അവശേഷിച്ച തുകയായ 99,167/-<br>രൂപ വകുപ്പിന്റെ ROP<br>ശീർഷകത്തിൽ തിരിച്ചടയ്ക്കുകയും<br>ചെയ്തു. 2019-20 വർഷത്തിൽ<br>25,96,000/- രൂപയുടെ ഭരണാനുമതി<br>ലഭിക്കുകയും ആയതിന്റെ 80%<br>തുകയായ 20,76,800/- രൂപ ആദ്യ<br>ഗഡുവായി അനുവദിക്കുകയും<br>ചെയ്തു. ടി പദ്ധതിയുടെ കാലാവധി<br>05/06/2020 ൽ ◌്വസാനിച്ചു. തുടർ<br>വർഷത്തേയ്ക്കുള്ള പദ്ദതി നടത്തിപ്പ്<br>നിർത്തിവെയ്ക്കുന്നത് ആദിവാസി<br>മേഖലയിൽ നിലവിൽ രോഗം<br>ഭേതമായിട്ടുള്ളവരും രോഗം<br>നിയന്ത്രണാതീതമായിട്ടുള്ളവരുമാ<br>യ ഗുണഭോക്താക്കളുടെ ചികിത്സ<br>മുടങ്ങാനിടയാക്കുമെന്നതിനാലും<br>നിലവിലുള്ള ഗുണഭോക്താക്കളുടെ<br>സാമൂഹ്യപുനരധിവാസത്തേയും<br>മാനസ്സികാരോഗ്യത്തേയും<br>പ്രതികൂലമായി<br>ബാധിക്കാനിടയാക്കുമെന്നതിനാലും | | |

| | | | | |
|---|---|---|---|---|
| | | പദ്ധതിയുടെ കാലാവധി 06/06/2020 മുതൽ 05/09/2020 വരെ മൂന്ന മാസത്തേയ്ക്ക ദീർഘിപ്പിച്ച നൽകി. 2020- 201 വർ,ത്തെ പദ്ധതിയ്ക്ക് 24,96,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി വർഷത്തെ MoU വെയ്ക്കുന്നതിനുള്ളനടപടി സ്വീകരിച്ച വരുന്നു. | | |
| 14 | **ദീർഘ കാലമായി മാനസ്സിക രോഗം ബാധിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക തിരികെ കൊണ്ട് വരുന്നതിന് കോഴിക്കോട് ജില്ലയിൽ ആരംഭിച്ച ഡേ കെയർ പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്. 2017-18 ൽ 31,00,000/- രൂപയുടെ ബരണാനുമതി ലഭിയ്ക്കുകയും ടി പദ്ധതിയ്ക്കായി 30,99,822/- രൂപ അനുവദിയ്ക്കുകയും ഇതിൽ നിന്നും 29,08,622/- രൂപ ചെലവഴിയ്ക്കുകയും അവശേഷിച്ച 1,91,200/- രൂപ വകുപ്പിന്റെ ROP ശീർഷകത്തിൽ തിരിച്ചടച്ചിട്ടുണ്ട്.പദ്ധതിയുടെ കാലാവധി 31/07/2019 വരെ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച നൽകി. 2019-20 വർഷത്തേയ്ക്ക് 40,73,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആയിന്റെ 70% തുകയായ 28,51,100/- രൂപ ആദ്യ ഗഡുവായി അനുവദിച്ചിരുന്നു. ആയതിൽ നിന്നും 18,91,840/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 9,59,261/- രൂപ അവശേഷിച്ചിരുന്നു. ലോക്ഡൗൺമൂലം ഡേ കെയറിൽ ഉണഭോക്താക്കൾക്ക് വരാൻ സാധിക്കാത്തതിനാലും ആദ്യ ഗഡു തുക ലഭിച്ചതിലെ കാലതാമസംകൊണ്ടും തുക പൂർണ്ണമായും വിനിയോഗിക്കുവാൻ തടസ്സമായി. ടി പദ്ധതിയുടെ തുടർച്ച ആവസ്യമായതിനാൽ പദ്ധതിയുടെ കാലാവധി | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | 01/08/2020 മുതൽ 31/03/2021 വരെ 8 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. | | |
| 15 | **അതിജീവനം സമഗ്ര പദ്ധതി** | 2018-19 വർഷത്തിൽ ടി പദ്ധതിയ്ക്കായി 1,222,37,282/- രൂപയും 2019-2020 ൽ 1,53,44,338/- രൂപയും 13 എൻ.ജി.ഒ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 16 | **മാനസ്സികാരോഗ്യ കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും മാനസ്സിക രോഗം ഭേതമായി കഴിയുന്ന അന്യസംസ്ഥാനക്കാരെ സ്വദേശങ്ങളിൽ എത്തിയ്ക്കുന്ന പ്രത്യാശ പദ്ധതി** | 2019 വർഷത്തിൽ ടി പദ്ധതിയ്ക്കായി 29,29,500/- രൂപ യുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിലേയ്ക്ക് എറണാകുളം ജില്ലയിലെ മാർവല്ല ദയഹ്റ എന്ന സൈക്കോസോഷ്യൽ സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി 21,97,125/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 31/03/2012 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 2020-21 വർ,ത്തേയ്കേക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിനായി EOI ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |
| 17 | **വിജയാമൃതം പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2019- 2020 ല് 20,00,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 19,60,000/- രൂപ ജില്ലാ സാ.നീ. ഓഫീസർമാർക്ക് അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വർഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വർഷത്തേയ്ക്കുള്ള(2020-21) പദ്ധതി നടത്തിപ്പിന് 20,00,000/- രൂപയുടെ | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

| | | | | |
|---|---|---|---|---|
| | | അനുമതി ലഭിച്ചിട്ടുണ്ട് .<br>ഭിന്നശേഷി വിഭാഗത്തിൽ ബിരുദം/പ്രൊഫഷണൽ ബിരുദം / പിജി എന്നിവയിൽ ഉന്നതവിജയം നേടുന്നവർക്കാണ് ധനസഹായം നൽ<br>കുന്നത്. | | |
| 18 | **സഹചാരി പദ്ധതി** | ഇത് ഒരു തുടർ പദ്ധതിയാണ്.2019- 2020 ല് 6,00,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും ആയതിൽ നിന്നും 5,60,000/- രൂപ ജില്ലാ സാ.നീ. ഓഫീസർമാർക്ക് അനുവദിയ്ക്കുകയും ചെയ്തിരുന്നു. ഒരു വര്<br>ഷത്തെ കാലാവധിയാണ് പദ്ധതിയുടേത്. തുടർ വര്<br>ഷത്തേയ്ക്കുള്ള(2020-21) പദ്ധതി നടത്തിപ്പിന് 6,00,000/- രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട് .<br>ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരെ വിദ്യാലയത്തിലും പുറത്തും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റുകള്<br>ക്കാണ് 10,000/- രൂപാ വീതം ധനസഹായം നല്<br>കുന്നത്. | ഫണ്ടിന്റെ അഭാവം ഇല്ല. | ഇല്ല |

## അനുബന്ധം 2

### 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

ഭിന്നശേഷികൾ എത്രയും നേരത്തെ കത്തെുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടു്. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർ വെൻഷൻ, തെറാപ്പി പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. ഡോക്ടർ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കിയി ട്ടുണ്ട് .

### 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കത്തെുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ **'ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ'** സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയായി ട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടു്. 2021 ഫെബ്രുവരി മാസത്തിൽ ഈ അഞ്ച് കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിക്കുന്നതാണ്.

### 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. എൻ. എച്ച്. എം ന്റെ സഹകരണത്തോടെയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

### 4. കാതോരം

കേൾവി വൈകല്യം എത്രയും നേരത്തെ കത്തെി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി **കാതോരം** എന്ന ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന

നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടു്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടു്. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി NIPMR, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചി ട്ടുണ്ട്.

**5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

**6. ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ യഥാക്രമം ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

**7. സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കത്തെി അനുയോജ്യമായ പരിചരണങ്ങൾ നൽകി പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.

**8. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാതലത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് MCRC കൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായ

ത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**9. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities- UDID) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകിവരുന്നു. ഇതുവരെ 1,37,085 ഭിന്നശേഷിക്കാർക്ക് UDID കാർഡുകൾ നൽകിയിട്ടുണ്ട്.

**10. ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി വെള്ളായണി കാർഷിക സർവ്വകലാശാല വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലനചികിത്സാ രീതിയിലൂടെ ശാക്തീകരിക്കുകയും അവരെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**11. സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് **സ്പെക്ട്രം (SPECTRUM).** ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർ ത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

**സ്പെക്ട്രം (SPECTRUM)** പദ്ധതിയുടെ ആദ്യഘട്ടമായി താഴെപറയുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുണ്ട്.

**a. ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു.

**b. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റി റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

**c. രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം മലപ്പുറംജില്ലയിൽ നടപ്പിലാക്കിയി ട്ടുണ്ട്.

## 12. ശ്രുതി തരംഗം പദ്ധതി

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം ഉള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് സർജറി **ശ്രുതി തരംഗം** എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നത്.

**13**. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം, തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ, വെള്ളപ്പൊക്ക ദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി, ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടു്. ഈ പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചി ട്ടുണ്ട്.

## 14. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ ഇരിങ്ങലക്കുട, തൃശ്ശൂർ (NIPMR)

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ NIPMR ലൂടെ വിവിധതരം ഭിന്നശേഷികൾ കത്തെുന്നതിനും, ആവശ്യമായ തെറാപ്പികളും, പരിശീലനങ്ങളും ലഭ്യമാക്കുകയും ചെയ്ത് വരുന്നു. ആധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ ഓട്ടിസം, സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, ബുദ്ധിപരമായ വൈകല്യങ്ങൾ, ചലനവൈകല്യം തുടങ്ങിയ വിഭാഗങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.

# അനുബന്ധം 3

**1.എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതി** :- ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ കേരള സംസ്ഥാന വികലാംഗക്ഷേ കോർപ്പറേഷനിലൂടെ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഭിന്നശേഷിക്കാർക്ക് നാമമാത്രമായ പലിശ നിരക്കിൽ സ്വയംതൊഴിൽ/ വിദ്യാഭ്യാസ/സഹായ ഉപകരണ/വാഹന വായ്പകൾ അനുവദിച്ചുവരുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 917 പേർക്ക് സ്വയംതൊഴിൽ/ വിദ്യാഭ്യാസ/വാഹന വായ്പ ഇനത്തിൽ 3477.99 ലക്ഷം രൂപ അനുവദിക്കുകയുായി. 2000 മുതൽ 2016 വരെ ആകെ അനുവദിച്ച തുക ഏകദേശം 25 കോടിയായിരുന്നു. NHFDC വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് തിരിച്ചടവ് കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കിയ 46 ഗുണഭോക്താക്കൾക്ക് വായ്പാ സബ്സിഡി അനുവദിച്ചു. 214 പേരുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പ തീർപ്പാക്കി. മരണപ്പെട്ട 50 ഗുണഭോക്താക്കളുടെ വായ്പ പൂർണ്ണമായി എഴുതി തള്ളുകയും ചെയ്തു. ഇതിനാവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിച്ചു.

**2.ഹസ്തദാനം പദ്ധതി :-** 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിഷിത്വമുള്ള 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് 20,000/- രൂപ വീതം സ്ഥിര നിക്ഷേപം നടത്തുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം തീവ്രവും, അതിതീവ്രവും ഭിന്നശേഷിക്കാരായ 12 വയസിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ വീതം 1233 പേർക്ക് സ്ഥിര നിക്ഷേപം ചെയ്തു. ഈ ഇനത്തിൽ 275.70 ലക്ഷം രൂപ ചെലവഴിച്ചിട്ടു്. 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പലിശയടക്കം ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാം.

**3.കാഴ്ച പദ്ധതി :-** കാഴ്ച പരിമിതിയുള്ള 1000 പേർക്ക് സ്മാർട്ട് ഫോൺ നല്കി അവരെ കാഴ്ചയുള്ളവർക്കൊപ്പം ശാക്തീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് കാഴ്ച. ഇതൊരു മാതൃകാപരമായ പദ്ധതിയാണ്. സ്മാർട്ട്ഫോൺ വിതരണം ചെയ്യുക മാത്രമല്ല കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹായത്തോടെ അവർക്ക് ര് ദിവസത്തെ ട്രെയിനിംഗും നല്കി വരുന്നു. ഇതിനകം 14 ജില്ലകളിൽ ഫോൺ വിതരണവും, 10 ജില്ലകളിൽ ട്രെയിനിംഗും പൂർത്തിയാക്കി. ഇതിലേക്കായി 1.5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടു്.

**4.ശുഭയാത്ര :-** ചലന പരിമിതി നേരിടുന്നവർക്ക് സൈഡ്വീൽ ഘടിപ്പിച്ച സ്കൂട്ടറുകളും ഇലക്ട്രോണിക് വീൽ ചെയറും നൽകുന്ന പദ്ധതി. ആയിരത്തോളം പേർക്ക് ഇതിനകം സൈഡ് വീൽ സ്കൂട്ടർ വിതരണം ചെയ്തു.

ഇലക്ട്രോണിക് വീൽചെയർ പദ്ധതിയുടെ വിതരണത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കോവിഡ് -19 വ്യാപനം കുറയുന്ന മുറയ്ക്ക് വിതരണം പൂർത്തിയാകും. ഇതിലേക്കായി 2300 ഓളം അപേക്ഷകൾ ലഭിച്ചിട്ടു്.

**5.ബാങ്ക്ലോൺ സബ്സിഡി :-** ബാങ്കുകളിൽ നിന്ന് കോർപ്പറേഷന്റെ ശുപാർശ അനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി സബ്സിഡി നൽകി വരുന്നു. ഈ ഇനത്തിൽ 136.37 ലക്ഷം രൂപ വിതരണം ചെയ്യുകയുായി.

**6.സഹായ ഉപകരണങ്ങൾ :-** ഭിന്നശേഷിക്കാർക്കുള്ള സഹായസാമഗ്രികളായ, ഹൈടെക് ലിംബ്, വീൽചെയർ, വോയിസ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ സംവിധാനമുള്ള ലാപ്പ്ടോപ്പ്, ശ്രവണ സഹായികൾ തുടങ്ങി വിവിധ തരത്തിലുള്ള സഹായ ഉപകരണങ്ങൾ സൗജന്യമായി 10211 പേർക്ക് വിതരണം ചെയ്തു. 376.31 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

**7.സ്വന്തമായി സ്കൂട്ടർ വാങ്ങിയ സൈഡ്വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി:-** സ്വന്തമായി സ്കൂട്ടർ വാങ്ങിയ 37 പേർക്ക് സൈഡ്വീൽ ഘടിപ്പിക്കുന്നതിന് 10,000/- രൂപ വീതവും, 25 പേർക്ക് 15,000/- രൂപ വീതവും സബ്സിഡിയായി വിതരണം ചെയ്തു. ഈ

ഇനത്തിൽ 7.45 ലക്ഷം രൂപ അനുവദിച്ചു.

**<u>8.ഭിന്നശേഷിക്കാരുടെ മൈക്രോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയം സഹായ സംഘങ്ങൾക്ക് 20000/- രൂപ ധനസഹായം:-</u>** ഭിന്നശേഷിക്കാരാൽ നടത്തപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി 2016 ൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 50 സ്വയം സഹായ സംഘങ്ങൾക്ക് 5000/- രൂപവീതം ധന സഹായം നൽകി. 2018-19 ൽ 10,000/- രൂപയായി ധനസഹായം വർദ്ധിപ്പിക്കുകയും, 6 സംഘങ്ങൾക്ക് ധന സഹായം നല്കുകയും ചെയ്തു. 2019-20, 2020-21 ൽ 20,000/- രൂപ യായി ധനസഹായം വർദ്ധിപ്പിക്കുകയും, 22 സംഘങ്ങൾക്ക് ധനസഹായം നല്കുകയും ചെയ്തു.

**<u>9.ലോട്ടറി തൊഴിലാളികൾക്ക് 5000/- രൂപ ധനസഹായം നൽകുന്ന പദ്ധതി:-</u>** ഈ പദ്ധതി 2015-16 മുതൽ മുടങ്ങികിടക്കുകയായിരുന്നു. 2018-19 കാലയളവിൽ പുനരാരംഭിച്ചു. 2018-19 ൽ അപേക്ഷ ലഭിച്ച അർഹരായ 319 പേർ പേർക്ക് 5000/- രൂപ വീതം 15.95 ലക്ഷം രൂപ നല്കി. 2019-20 അർഹരായ 259 പേർക്കും ഒന്നാംഗഡു നല്കി 2020-21 ൽ 174 പേർക്ക് രാം ഗഡുവും, 23 പേർക്ക് ഒന്നാംഗഡുവും അനുവദിച്ചു.

**<u>10വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്:-</u>** എസ്.എസ്.എൽ.സിയും, പ്ലസ് ടുവിൽ 'ബി' ഗ്രേഡോ അതിനു മുകളിലോ മാർക്ക് വിജയം നേടിയ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ് നൽകി വരുന്നു ഇതനുസരിച്ച് 2500 രൂപ വീതം പ്രൊഫിഷ്യൻസി അവാർഡ് 178 പേർക്ക് 4.45 ലക്ഷം രൂപ നല്കിയിരുന്നു. എന്നാൽ ഇത് (2018-19) മുതൽ 5000 രൂപയായി വർദ്ധിപ്പിച്ചു. മാത്രമല്ല ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഗ്രേഡ് നിബന്ധന ഒഴിവാക്കി പരിഗണിച്ചു. 600 പേർക്ക് കഴിഞ്ഞ ര് വർഷങ്ങളിലായി പ്രൊഫിഷ്യൻസി അവാർഡ് നൽകി. ഈ വർഷം 299 പേർക്ക് ഇതിനകം പ്രൊഫിഷ്യൻസി അവാർഡ് അനുവദിച്ചു.

**<u>11.സാഫല്യം Aged Home :-</u>** പാറശാലയിൽ പ്രവർത്തിക്കുന്ന 40 പേരെ ഉൾക്കൊള്ളാനാകുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേിയുള്ള സാഫല്യം വൃദ്ധസദന പരിപാലനത്തിന് 44.00 ലക്ഷം രൂപ നൽകിയിട്ട്.

## <u>പൂർത്തിയായി വരുന്ന പുതിയ പദ്ധതികൾ</u>

**1.കൈവല്യ പദ്ധതി**

കേരള സംസ്ഥാന വികലാംഗക്ഷമ കോർപ്പറേഷനും തൊഴിൽ വകുപ്പുമായി ചേർന്ന് 7449 ഭിന്നശേഷിക്കാർക്ക് 50000/- രൂപ വീതം 37.25 കോടി രുപ സ്വയം തൊഴിൽ വായ്പ നൽകുന്നു. ഇതിൽ 25000/- രൂപ വീതം സബ്സിഡിയും ബാക്കി 25000/- രൂപ പലിശ രഹിത വായ്പയുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് തിരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടാണ് ധനസഹായം നൽകുന്നത്. ഇത് വഴി 7500 കുടുംബങ്ങൾക്ക് ഈ കോവിഡ് കാലത്ത് ജീവിത മാർഗ്ഗം ഉാകുകയാണ്. ഇതിനാവശ്യമായ സർക്കാർ ഗ്യാരന്റി സാമുഹ്യ നീതി വകുപ്പാണ് ലഭ്യമാക്കുന്നത്. ഇതേ വരെ 2691 പേർക്ക് 13.455 കോടി രൂപ വിതരണം ചെയ്തു.

**2.സഹായ ഉപകരണങ്ങളുടെ ഷോറും സജ്ജീകരണം**

ഭിന്നശേഷിക്കാരുടെ സഹായ ഉപകരണങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനും അളവെടുക്കുന്നതിനും മറ്റുമായി വിപുലമായ സഹായ ഉപകരണ ഷോറും തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് പ്രവർത്തനങ്ങൾ തുടങ്ങി. 235.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ട്. ഷോറൂമിന്റെ ഡിസൈൻ അംഗീകരിച്ചതിൻ പ്രകാരം Kerala Electrical & Allied Engineering Co. Ltd. നെ Project Management Consultant ആയി നിയമിച്ചിട്ട്.

**3.സഹായ ഉപകരണ നിർമ്മാണ യൂണിറ്റിന്റെ ആധുനീകവത്ക്കരണം**

2000 ൽ ആരംഭിച്ച MRST (Manufacturing, Repairing, Servicing & Training Centre) സെന്ററിന്റെ ആധുനീകവത്കരണത്തിന് 200 ലക്ഷ രൂപയുടെ ഭരണാനുമതി നൽകിയിട്ട്. MRST യൂണിറ്റ് നവീകരണത്തിന് PMC യായി Kerala Electrical & Allied Engineering Co. Ltd. നെ ചുമതലപ്പെടുത്തി പ്രവർത്തനം പൂർത്തികരണ ഘട്ടത്തിലാണ്.

4. **ഇ-സ്റ്റോർ-** ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് കമ്പോളം ഉറപ്പുവരുത്തുന്നതിനും അവരുടെ സഹായ ഉപകരണങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനായി ഷോറുമിനോടൊപ്പം ഇ.സ്റ്റോറും ആരംഭിക്കുന്നു. ഇതിന്റെ പ്രവർത്തനം നടന്നുവരുന്നു.

5. **ഇ-ഓഫീസ്/ഓൺലൈൻ അപേക്ഷ –** ഭിന്നശേഷിക്കാർക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളും സ്വയം തൊഴിൽ വായ്പാ നടപടികളും ഓൺലൈനായി പൂർത്തിയാക്കാവുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭരണാനുമതി ലഭിച്ചുകഴിഞ്ഞു.

6. **MRSTC കണ്ണൂർ -** വടക്കൻ ജില്ലകളിലെ ഭിന്നശേഷിക്കാർക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കണ്ണൂർ ജില്ലയിൽ ഒരു ഉപകരണ നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി ആയിട്ടു. കണ്ണൂർ ജില്ലാ പഞ്ചായത്ത് ഇതിനായി സ്ഥലം അനുവദിച്ചിട്ട്.

**ദേശീയ അവാർഡ് : 2018 ൽ കേന്ദ്ര സാമുഹ്യനീതി വകുപ്പിന്റെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി അവാർഡ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് ലഭിച്ചിട്ടു്. 1979 ൽ കോർപ്പറേഷൻ രൂപീകരിച്ചതിനു ശേഷം ആദ്യമായാണ് ഇങ്ങനെ ഒരു അവാർഡ് ലഭിക്കുന്നത്. കൂടാതെ 2017–18, 2018–19, 2019–20 സാമ്പത്തിക വർഷങ്ങളിൽ എൻ.എച്ച്.എഫ്.ഡി.സി വായ്പ പദ്ധതിയുടെ ഹയർ ടേൺ ഓവറിനുള്ള ഇൻസന്റീവും കോർപ്പറേഷന് ലഭിക്കുകയുായി.**